പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2998** — 10.03.2017-ൽ മറുപടിക്ക്

# <u>കാപ്പിൽ റസിഡന്റ്സ് അസോസിയേഷൻ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.വി.ജോയി | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാപ്പിൽ റസിഡൻസ് അസോസിയേഷൻ സെക്രട്ടറി 3.3.14-ൽ കാപ്പിൽ കണ്ണമൂട് റെയിൽവേ അടിപ്പാത നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം 20.10.14-ൽ 12812/ഡി2/14/ഗത നമ്പർ പ്രകാരം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നു. ആയതിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(ബി) കാപ്പിൽ കണ്ണമൂട് റെയിൽവേ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (എ) & (ബി) നിവേദനത്തിന്റെ പകർപ്പ് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം), മാനേജിംഗ് ഡയറക്ടർ, RBDCK-എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠന റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ